No. CEE/2626/M.pharm-2020/TA4

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം – 695 001

## പത്രക്കുറിപ്പ്

## എം.ഫാം കോഴ്സിലേയ്ക്കുള്ള പ്രവേശനം 2020

## റാങ്ക് ലിസ്റ്റ്, സാമൂദായിക സംവരണ ലിസ്റ്റ് എന്നിവ പ്രസിദ്ധീകരിച്ചു

കേരളത്തിലെ സർക്കാർ ഫാർമസി കോളേജുകളിലേയ്ക്കും, സ്വാശ്രയ ഫാർമസി കോളേജുകളിൽ ലഭ്യമായ സർക്കാർ മെരിറ്റ് സീറ്റുകളിലേയ്ക്കും 2020–21അദ്ധ്യയന വർഷത്തിലെ എം.ഫാം കോഴ്സിലേയ്ക്കുള്ള പ്രവേശനത്തിനായി അപേക്ഷിച്ച വിദ്യാർത്ഥികളുടെ റാങ്ക് ലിസ്റ്റ്, സാമൂദായിക സംവരണ ലിസ്റ്റ് എന്നിവ പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

GPAT-2020 റാങ്കിനെ അടിസ്ഥാനമാക്കിയും പ്രോസ്പെക്ടസ് ക്ലോസ് 11.1 പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ചുമാണ് പ്രവേശന പരീക്ഷാ കമ്മീഷണർ സംസ്ഥാന റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. അപേക്ഷാർത്ഥികൾക്ക് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ കൊടുത്തിട്ടുള്ള **'M.Pharm 2020-Candidate Portal'** എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ആപ്ലിക്കേഷൻ നമ്പരും പാസ്സ്‌വേഡും നൽകി ഹോം പേജിൽ പ്രവേശിച്ച് തങ്ങളുടെ റാങ്ക് പരിശോധിക്കാവുന്നതാണ്. ഇതോടൊപ്പം സാമൂദായിക സംവരണത്തിന് അർഹരായവരുടെ ലിസ്റ്റും മേൽപറഞ്ഞ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഭിന്നശേഷി വിഭാഗക്കാരുടെ ലിസ്റ്റ് പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

എം.ഫാം 2020 വർഷത്തേക്കുള്ള അലോട്ട്മെന്റ് നടപടികൾ ഉടനടി ആരംഭിക്കുന്നതാണ്. ഇതു സംബന്ധിച്ച വിജ്ഞാപനം പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

ഹെൽപ്പ് ലൈൻ നമ്പർ : 0471 2525300

പ്രവേശന പരീക്ഷാ കമ്മീഷണർക്ക് വേണ്ടി

തിരുവനന്തപുരം
23.04.2021